# ‘സ്വർണം അഗ്നിയിലെന്നപോലെ’ - ഒരു സമീക്ഷ

- ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

നാതിവിദൂരഭാവിയിൽ കത്തോലിക്കാസഭയിൽ വിശുദ്ധരുടെ ശ്രേണിയിലേക്ക് ഉയർത്തപ്പെടാനുള്ള ഒരു മഹിതവ്യക്തിയുടെ മഹത്വരമത്തിനുമുമ്പ് അദ്ദേഹവുമായി അടുത്ത പരിചയവും ആത്മബന്ധവും സ്ഥാപിക്കാൻ അനുഗ്രഹമുണ്ടാവുകയെന്നത് അതിമാത്രം വിരളമായ ഒരുവരസിദ്ധിയാണ്. 2022 സിസംബർ 31-ാം തീയതി നിതാന്തവിശ്രാന്തിയിലേക്കു ഭാഗ്യപ്രവേശം സിദ്ധിച്ച പരിശുദ്ധ പിതാവ് ബെനഡിക്ട് എമരിത്തൂസ് 16-ാംമനുമായി ജോർജ് തയ്യിൽ എന്ന വൈദ്യശാസ്ത്ര പഠിതാവിന് ജർമനിയിൽ വച്ച് നിയോഗം കണക്കെ സ്വീകരിച്ച പരിചയം ആ മരണം സൂക്ഷിക്കാൻ കഴിഞ്ഞു എന്നത് സാരവത്തായ ഒരു കാര്യം തന്നെയത്രേ.

ബെനഡിക്ട് 16-ാംമൻ ഒരു വൈദികനായിരിക്കെ സമാരംഭിച്ചതാണ് ആ സൗഹൃദം. അന്നത്തെ ഫാദർ ജോസഫ് റാറ്റ്സിംഗർ മൂണിക് ആർച്ച് ബിഷപ്പും കർദിനാളുമൊക്കെ ആയപ്പോഴും പിന്നീട് കത്തോലിക്കാസഭയുടെ അമരക്കാരനായപ്പോഴും അണുമാത്രം വിള്ളൽ വരാനിടയാകാത്തവിധം ബന്ധദാർഢ്യമാർന്നതായിരുന്നു ആ പരിചയം. അന്നുമുതൽ ഇന്നോളമുള്ള ആർദ്രവും ഊഷ്മളവുമായ ഹൃദയബന്ധത്തിന്റെ നേർക്കാഴ്ചയാണ് ‘സ്വർണം അഗ്നിയിലെന്നപോലെ‘ എന്ന പേരിലുള്ള ജീവിതസഞ്ചാര ക്കുറിപ്പുകൾ.

മെഡിക്കൽ വിദ്യാർത്ഥിയായ ഒരു ഇന്ത്യക്കാരൻ മ്യൂണിക് സർവകലാ ശാലയോടുചേർന്നുള്ള തിയോളജി ക്ലാസ്സിന്റെ മൂലയിൽ പറ്റിക്കൂടി തലകുനിച്ചിരിക്കുന്ന ഒരു പരദേശിയെ പ്രൊഫസർ ഫാ. റാറ്റ്സിംഗർ കണ്ടെത്തുന്നിടത്താണ് പരിചയമാരംഭിക്കുന്നത്. തുടർന്ന് വീട്ടിലേക്കു ക്ഷണിക്കുന്നു. ക്രമേണ അവിടെ നിത്യസന്ദർശകനാകുന്നു. കുടുംബത്തിലെ ഇതരഅംഗങ്ങളുമായും സൗഹൃദം വളരുന്നു. അതാണ് ബെനഡിക്ട് പാപ്പകാലം ചെയ്യുന്നതുവരെ കെടാതെ ജ്വലിച്ചുനിന്ന ബദ്ധസൗഹൃദത്തിന്റെ കഥ.

ഓർമക്കുറിപ്പുകളായി നിന്നിരുന്നുവെങ്കിൽ അങ്ങേയറ്റം ശുഷ്കമായി പരമിതപ്പെട്ടുപോകുമായിരന്ന ഈ പുസ്തകം അത്യാകർഷകമായ പ്രൗഢശൈലി കൊണ്ടാണ് ഒറ്റപ്പെട്ടു നില്ക്കുന്നതെന്നു പറയാം. ഹൃദയത്തിലേക്കു നേരിട്ടുനടന്നുകയറുന്ന ലാവണ്യ സുഭഗമായ ശൈലീവിശേഷം ഈ പുസ്തകത്തിനുണ്ട്. ചെറുകഥാകൃത്തും പത്രാധിപരുമൊക്കെ ആയിരുന്നതിന്റെ ഹാങ്ഓവർ.

ജീവിതത്തിന്റെ വിജയപഥങ്ങളിലെത്തിയ കുറെ സുഹൃത്തുക്കൾ യൂണിവേഴ്സിറ്റി കോളേജ് പഠനകാലത്ത് തിരുവനന്തപുരത്തു വച്ച് ഡോ. തയ്യിലിനു കിട്ടുകയുണ്ടായി. ജേക്കബ് പുന്നൂസ് ഐ.പി.എസ്, ഡോ. എം. ജി. ശശിഭൂഷൺ, ഷാജി എൻ. കരുൺ, നടൻ സുകുമാരൻ, എം.എം. ഹസ്സൻ തുടങ്ങി സഹപാഠികൾ നിരവധി. പ്രൊഫസർമാരായ എൻ. കൃഷ്ണപിള്ള, എസ്. ഗുപ്തൻ നായർ, ഒ.എൻ.വി.കുറുപ്പ്, തിരുനല്ലൂർ കരുണാകരൻ, ആനന്ദക്കുട്ടൻ എന്നിവരുടെ ശിഷ്യനാകാൻ സാധിച്ചത് തന്നിലെ പ്രതിഭത്തിളക്കത്തിന് ധന്യനിമിത്തമായെന്ന് ജോർജ് തയ്യിൽ വിശ്വസിക്കുന്നു.

തലമുതിർന്ന എഴുത്തുകാരായ പി.കേശവദേവ്, കെ സുരേന്ദ്രൻ, ജി. വിവേകാനന്ദൻ, പി. പത്മരാജൻ, മലയാറ്റൂർ രാമകൃഷ്ണൻ, ജോർജ് ഓണക്കൂർ തുടങ്ങിയവരുടെ വീടുകളിൽ നിത്യസന്ദർശകനാകാൻ ഭാഗ്യമുണ്ടായി. മംഗളം പത്രാധിപരായിരിക്കെ, ഒട്ടുമിക്ക എഴുത്തുകാരുമായും സദാ ബന്ധപ്പെടേണ്ടിവന്ന മുട്ടത്തുവർക്കിയെയും മറ്റും അനുസ്മരിക്കുന്ന ഭാഗം ഏറെ ഹൃദ്യമായിരിക്കുന്നു.

ജർമനിയിലെ മെഡിക്കൽ വിദ്യാഭ്യാസകാലത്ത് നിത്യനിദാന ചെലവിനുവേണ്ടി കഷ്ടപ്പെട്ടതും ഉറങ്ങാതെ അധ്വാനിച്ചു പഠിച്ചതുമൊക്കെ സത്യസന്ധതയുടെ സുതാര്യതയോടെ തുറന്നു പറയുന്ന ഭാഗങ്ങൾ നമ്മിൽ ഒരു നെടുവീർപ്പുണർത്തും.

ഉയർന്നനിലയിൽ പ്രശസ്തമാംവിധം മെഡിക്കൽ ബിരുദം നേടി ജോലിചെയ്തുകൊണ്ടിരിക്കേ, അന്നത്തെ വരാപ്പുഴ ആർച്ച് ബിഷപ്പ്, ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലിന്റെ ക്ഷണപ്രകാരമാണ് എറണാകുളം ലൂർദ് ആശുപത്രിയിലെത്തിയതും കാർഡിയോളജി വിഭാഗം തുറന്നതും. ലൂർദിനെ പ്രണയിക്കുന്ന ഡോ. തയ്യിൽ, പ്രലോഭനങ്ങൾ ഏറെയുണ്ടായിട്ടും അവിടംവിട്ടുപോയില്ല. ലൂർദ് വഴി ഡോ. ജോർജ് തയ്യിലും, ഡോ. തയ്യിൽ വഴി ലൂർദും പ്രശസ്തി നേടുകയായിരുന്നു.

ഹൃദ്രോഗവിദഗ്ധനായില്ലായിരുന്നെങ്കിൽ മലയാളത്തിൽ അറിയപ്പെടുന്ന എഴുത്തുകാരനാകുമായിരുന്നു ഡോ. ജോർജ് തയ്യിൽ. ഇതിനുമുമ്പെഴുതിയ ആറു വൈദ്യശാസ്ത്രഗ്രന്ഥങ്ങളും ഭാഷാപരമായ ഒരു പാരുഷ്യം പ്രകടിപ്പിച്ചിരുന്നുവെന്നു പറയാതിരിക്കുകവയ്യ. രണ്ടുസമാന്തര രേഖകൾക്കുള്ളിലായിരുന്നു അവിടെ ഭാഷാവിന്യാസം എന്നും സമ്മതിക്കണം. എന്നാൽ ഇവിടെ ഡോ.ജോർജ് തയ്യിലിന്റെ ശൈലീസുഷമ നമ്മെ ഏറെ ആനന്ദിപ്പിക്കുന്നു. ഇതു ഒരു പുണ്യപാദരുടെ ജീവിത ഇതിഹാസമാണോ ഡോ. തയ്യിലെന്ന ഹൃദ്രോഗവിദഗ്ധന്റെ ആത്മകഥ യാണോ എന്ന് വ്യവച്ഛേദിക്കുക സുകരമാവില്ല. അത്തരമൊരു സമ്യഗ്ചേരുവയുടെ സ്നിഗ്ധത വായനക്കാരനെ തെല്ലൊന്നുമല്ല അമ്പരപ്പിക്കുന്നത്.

ഗ്രന്ഥാഖ്യാനത്തിനിടയ്ക്ക് ആനുഷംഗികമായി കടന്നുവരുന്ന എഴുത്തുകാരും കലാകാരന്മാരും വിദ്യാഭ്യാസവിചക്ഷണരും ദൈവവിജ്ഞാനീയകാരന്മാരും അവരുടെ ജീവിതക്കുറിപ്പുകളും അനുവാചകർക്ക് ബോധനവീകരണം സമ്മാനിക്കുന്ന സ്നാനപ്പെടുത്തലുകളാണ്. നിരവധി വിശ്വസാഹിത്യരചനകളെക്കുറിച്ചും പ്രാമാണികമായ നിരീക്ഷണങ്ങളും നിരൂപണങ്ങളുമുണ്ട്. ലോകപ്രശസ്തസർവകലാശാലകളെക്കുറിച്ചും ശാശ്വതസ്മാരകങ്ങളെക്കുറിച്ചും ചരിത്ര പ്രയാണം ദിശാമാറ്റം നടത്തിയ സംഭവങ്ങളെക്കുറിച്ചും സൂക്ഷമ പരാമർശങ്ങൾ അവിടവിടെയുണ്ട്.

മാസങ്ങൾക്കുള്ളിൽത്തന്നെ ഡി.സി. ബുക്സിന്റെ ബെസ്റ്റ് സെല്ലർ പട്ടികയിലേക്ക് ഡോ. ജോർജ് തയ്യിലിന്റെ ‘സ്വർണം അഗ്നിയിലെന്നപോലെ’എന്ന വിശിഷ്ട രചന കടന്നുകയറിയതിൽ എനിക്കു വിസ്മയമില്ല.